# സെന്റ് ജോൺസ് എൽ.പി.എസ്
# വാത്തികുളം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

# ആമുഖം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ തെക്കേക്കര പഞ്ചായത്തിലെ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു ഗവ. എയ്ഡഡ് എൽ. പി. സ്കൂളാണ് സെന്റ് ജോൺസ് എൽ. പി. സ്കൂൾ.

## സ്കൂൾ ചരിത്രം.

ഏകദേശം 132 വർഷങ്ങൾക്ക് മുമ്പ് വാത്തികുളം ക്ഷേത്രത്തിന് കിഴക്കുവശം ജനാധിപത്യ വായനശാലക്ക് കിഴക്കുഭാഗത്തായി ഷൺമുഖ വിലാസം യു. പി. സ്കൂൾ എന്ന പേരിൽ ഈ സ്കൂൾ സ്ഥാപിതമായി. ഓലമേഞ്ഞ ആ കെട്ടിടം പഴകി മറിഞ്ഞു വീണപ്പോൾ അന്നത്തെ ഈ നാട്ടിലെ കരപ്രമാണിയായ ഇടശ്ശേരിൽ പുത്തൻ പുരയ്ക്കൽ നാരായനുണ്ണിത്താൻ അദ്ദേഹത്തിന്റെ ഇന്ന് സ്കൂൾ നിൽക്കുന്ന സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിച്ചു. കാലക്രമേണ അധ്യാപകർക്കുളള ശമ്പളവും മറ്റ് നടത്തിപ്പുകളും ബുദ്ധിമുട്ടായതോടെ സ്കൂളിന്റെ നിലനിൽപ്പിനായി അദ്ദേഹം മാർ ഇവാനിയോസ് തിരുമേനിയെ കാണുകയും സ്കൂൾ സഭക്ക് കൈമാറുന്നതിന് സന്നദ്ധത അറിയിക്കുകയും ചെയ്തു. സ്കൂളും 27 സെന്റ് സ്ഥലവും സഭക്ക് കൈമാറി. അങ്ങനെ സെന്റ് ജോൺസ് എം. എസ്. സി. യു. പി. എസ് വാത്തികുളം എന്ന പേരിൽ പ്രവർത്തനം തുടങ്ങി. പക്ഷെ 27 സെന്റ് സ്ഥലത്ത് ഒരു യു. പി. സ്കൂളിന് പോരാതെ വന്നതിനെ തുടർന്ന് 1931-ൽ സ്കൂൾ കുറത്തികാടേക്ക് മാറ്റി സ്ഥാപിച്ചു.

അർപ്പണബോധത്തോടെ പ്രവർത്തിച്ചിരുന്ന മൂലയിൽ കൃഷ്ണപിള്ള സാർ, കുറത്തികാട് പാപ്പിസാർ, മാത്തുണ്ണി സാർ, കേശവപിള്ള സാർ, അമ്മിണിസാർ [ത്യാഗ] തുടങ്ങിയവരുടെ പേരുകൾ പഴമക്കാരുടെ കഥകളിൽ നിന്ന് ഞങ്ങൾക്ക് കിട്ടിയതാണ്.

സ്തുത്യർഹമായ സേവനത്തിന് ശേഷം 1989-ൽ ഏലിസബത്ത് ടീച്ചറും [അമ്മിണി സാർ] 1992-ൽ ഏലിയാമ്മ ടീച്ചറും 1997-ൽ ആനന്ദൻ-പിള്ള സാറും 1999-ൽ സാറാമ്മ ടീച്ചറും ഈ സ്കൂളിന്റെ പടിയിറങ്ങി.

അന്നത്തെ സ്കൂൾ മാനേജർ ആയിരുന്ന കാക്കാലിൽ ശ്രീ. മാണിജോർജ്ജ് സ്കൂൾ വാത്തികുളത്തു തന്നെയുള്ള മുള്ളുവേലിൽ വീട്ടിൽ (വിൽസൺ വില്ല) ശ്രീമതി. ഗ്രേസി കുഞ്ഞുകുട്ടിക്ക് കൈമാറിയെങ്കിലും ഇരുകക്ഷികളും തമ്മിൽ സ്കൂൾ മാനേജ്മെന്റ് സംബന്ധമായ തർക്കം ഉണ്ടാവുകയും പിന്നീട് കോടതി ഇടപെട്ട് ശ്രീമതി. ഗ്രേസികുഞ്ഞുകുട്ടിക്ക് പൂർണ്ണാധികാരം കൈമാറുകയും ചെയ്തു. അതിന് ശേഷം സ്കൂളിന് ചുറ്റുമതിൽ, മേൽക്കൂരയും തറയും നവീകരിക്കൽ, ബാത്ത്റൂമുകൾ, ടോയ്‌ലറ്റുകൾ, പ്രീപ്രൈമറി കെട്ടിടം, കളിയുപകരണങ്ങൾ എന്നിവ നിർമ്മിച്ചു നൽകുകയും ചെയ്തു.

ആത്മസമർപ്പണത്തോടെയും ത്യാഗമനോഭാവത്തോടെയുമുള്ള നിസ്തുലമായ സേവനത്തിന് ശേഷം ശ്രീമതി. സി. ശ്രീകുമാരി ടീച്ചർ [1989-2020], ശ്രീമതി. കെ. രമാദേവി ടീച്ചർ [1997-2021], ശ്രീമതി. എം. എസ്. ഗീതാകുമാരി ടീച്ചർ [1992-2025] എന്നിവർ ഈ സ്കൂളിൽ നിന്നും വിരമിച്ചു.

1999-ൽ ശ്രീമതി. സുബി എലിസബത്ത് ജേക്കബ്, 2021-ൽ ശ്രീമതി. സിജി. എസ്. രാജ്, 2022ൽ ശ്രീമതി. കീർത്തി ഗോപിനാഥ്, 2025-ൽ ശ്രീമതി. ഷിബി രാജ് എന്നിവർ ഈ സ്കൂളിൽ സേവനം ആരംഭിച്ചു.

സ്കൂളിന്റെ പുരോഗതിയും വിദ്യാർത്ഥികളുടെ സൗകര്യവും കണക്കിലെടുത്ത് കഴിഞ്ഞ 23 വർഷമായി വാഹനസൗകര്യം അധ്യാപകർ ഏർപ്പെടുത്തിയിട്ടുണ്ട്. 2012-'13 അധ്യയനവർഷം മുതൽ പ്രീ-പ്രൈമറി ക്ലാസ്സ് നടത്തിവരുന്നുണ്ട്. R. രാജലക്ഷ്മിയും ആൻസിയും പ്രീ-പ്രൈമറി ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. കുട്ടികൾക്ക് പോഷകപ്രദവും രുചികരവുമായ ഉച്ചഭക്ഷണം പാചകം ചെയ്ത് നൽകുന്നത് ശ്രീമതി. ഏലിയാമ്മ വർഗീസാണ്.

## ലക്ഷ്യം

- എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട ശേഷികളും അറിവുകളും കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ യൂണിറ്റ് പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും കുട്ടി നേടിയെന്ന് രക്ഷിതാക്കളെ അറിയിക്കുക.
- കുട്ടികളുടെ അക്കാദമികവും സർഗാത്മകവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ തയ്യാറാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങൾ വായിക്കാനും എഴുതാനും പറയാനുമുള്ള കഴിവ് ഉറപ്പാക്കുക.
- ചതുഷ്ക്രിയകൾ ഉറപ്പാക്കുകയും നിത്യജീവിതവുമായി ഗണിതത്തെ ബന്ധിപ്പിക്കുന്നതിനുള്ള കഴിവ് ഉറപ്പുവരുത്തുകയും ചെയ്യുക.
- പ്രകൃതി നിരീക്ഷണം, പരീക്ഷണം, പ്രോജക്ട്, സർവേ എന്നിവയിലൂടെ പ്രകൃതിയെ അറിയുകയും പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക.
- ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള മനോഭാവം രൂപപ്പെടുത്തുക.
- പ്ലാസ്റ്റിക് വിമുക്ത, ലഹരി മുക്ത, കീടനാശിനി വിമുക്ത ക്യാമ്പസ് രൂപപ്പെടുത്തുക.

- മാലിന്യ നിർമാർജ്ജനത്തെകുറിച്ച് അവബോധം ഉണ്ടാക്കുക.
- ആരോഗ്യശീലങ്ങൾ പാലിക്കൽ, പൊതുസ്ഥാപനങ്ങൾ ശുചിയായി സൂക്ഷിക്കൽ, നിയമങ്ങൾ അനുസരിക്കൽ എന്നിവ തന്റെ കടമയാണെന്ന് തിരിച്ചറിയുകയും അതനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുകയും ചെയ്യുക.
- കാർഷിക സംസ്കാരമുള്ള പുതിയ തലമുറയെ വളർത്തിയെടുക്കുക.
- കലാകായിക പ്രവർത്തിപരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുക.
- പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.
- എല്ലാ കുട്ടികൾക്കും ആരോഗ്യസംരക്ഷണം, പോഷകാഹാരം, ശുചിത്വാന്തരീക്ഷം എന്നിവ ഉറപ്പുവരുത്തുക.
- സ്കൂൾ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
- എല്ലാ ക്ലാസ്സിലും I.C.T പഠനം ഉറപ്പുവരുത്തുക

# സ്കൂൾ മികവിന്റെ കാഴ്ചപ്പാട്.

→ രക്ഷാകർത്താക്കളുമായുള്ള നിരന്തര ഇടപെടലിലൂടെ കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുകയും പഠനപിന്നോക്കാവസ്ഥ പരിഹരിക്കുകയും ചെയ്യണം.

→ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കും.

→ സമൂഹവുമായി ഇണങ്ങി ജീവിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

→ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി കലാകായിക പ്രവൃത്തിപരിചയത്തിന് ഊന്നൽ നൽകും.

→ നാലാം ക്ലാസ് കഴിയുന്നതോടെ ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകൾ സംസാരിക്കാനും, എഴുതാനും, വായിക്കാനും കഴിവുള്ളവർക്കും ആക്കും.

→ വിദ്യാലയവും സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടും

→ പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതിപഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും.

→ മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരായ മനോഭാവം പുതുതലമുറയിൽ ഉണ്ടാക്കും.

→ കുട്ടികളിൽ കാർഷികസംസ്കാരം വളർത്തുന്നതിനായി സ്കൂൾപച്ചക്കറിത്തോട്ടം ഉണ്ടാക്കും.

## നിലവിലെ അവസ്ഥ വിശകലനം.

ആഴ്ചയിൽ ഒരിക്കൽ SRG യോഗം കൂടുകയും പഠനപ്രവർത്തനങ്ങളുടെയും പാഠ്യേതരപ്രവർത്തനങ്ങളുടെയും വിലയിരുത്തൽ നടത്തുന്നു. പിന്നീട് അടുത്ത ആഴ്ചയിലേക്കുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണവും ചർച്ചയും നടത്തുന്നു.

സ്കൂളിലെ അക്കാദമിക പ്രവർത്തനത്തിനാവശ്യമായ പിന്തുണ നൽകാനും ദിനാചരണ പ്രവർത്തനത്തിനുള്ള പിന്തുണയും SSG അംഗങ്ങൾ സഹകരിക്കുന്നു. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പാഠ്യേതര പ്രവർത്തനങ്ങളിൽ സ്കൂളിനെ സഹായിക്കുന്നതിനും ആഘോഷങ്ങൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ സഹകരണം ഏർപ്പാടാക്കുന്നു. ആഘോഷവേളകളിലും മത്സരസ്ഥലങ്ങളിൽ കുട്ടികളെ എത്തിക്കുന്നതിനും പഠനയാത്രകളിലും MPTA-യുടെ സേവനം ലഭിക്കുന്നു.

ജാഗ്രതാ സമിതി കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്നു.

പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെയുള്ള അധ്യാപികമാർ വാൻ ഡ്യൂട്ടി, അസംബ്ലി, പൊതുവിജ്ഞാനം, ദിനാചരണങ്ങൾ, ശ്രദ്ധ ക്ലാസ്, ഉച്ചഭക്ഷണം, ശുചിത്വം, അച്ചടക്കം, കലാപ്രവർത്തനം, കായിക പ്രവർത്തനം, Zoombr dance, പ്രവൃത്തി പരിശീലനം, ക്ലബ് പ്രവർത്തനങ്ങൾ എന്ന രീതിയിൽ ചുമതലകൾ വഹിക്കുന്നു.

സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കാനായി ഹെൽത്ത് ക്ലബ് പ്രവർത്തിക്കുന്നുണ്ട്. എല്ലാ വെള്ളിയാഴ്ചകളിലും ഡ്രൈ ഡേ ആചരിക്കുന്നു. പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനക്ക് നൽകുന്നു. ജൈവ മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നു. കുട്ടികൾക്ക് മെച്ചപ്പെട്ട ആരോഗ്യം എന്ന ലക്ഷ്യത്തോടെ തൈക്കോര ഗ്രാമപഞ്ചായത്തിൽ നിന്നും പ്രഭാത ഭക്ഷണവും സ്കൂളിൽ നിന്നും ഉച്ചഭക്ഷണം, പാൽ, മുട്ട എന്നിവയും നൽകുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകളെ പരിപോഷിപ്പിക്കുവാനും അവരെ സമൂഹത്തിന് പ്രയോജനപ്രദമായി വാർത്തെടുക്കുവാനും നിരന്തരം പരിശ്രമിക്കുന്ന അധ്യാപക കൂട്ടായ്മ ഈ സ്കൂളിന്റെ വളർച്ചയെ സഹായിക്കുന്നു.

# അക്കാദമിക പ്രവർത്തനങ്ങളുടെ തരം തിരിക്കൽ.

| | | | |
|---|---|---|---|
| 1. | ഹ്രസ്വകാല പ്രവർത്തനം | ഭാഷ, ഗണിതം, EVS, ഇംഗ്ലീഷ് ഇവയുടെ ശേഷികൾ ഉറപ്പാക്കൽ | 7 മാസം |
| 2. | മധ്യമകാല പ്രവർത്തനം | പ്ലാസ്റ്റിക് മുക്ത ക്യാമ്പസ് ലഹരി വിമുക്ത ക്യാമ്പസ് ശുചിത്വ ക്യാമ്പസ് ആരോഗ്യ ക്യാമ്പസ്. | – 1 വർഷം |
| 3. | ദീർഘകാല പ്രവർത്തനം | ഒന്നാം ക്ലാസ് ഒന്നാം തരം എല്ലാ ക്ലാസിലും ICT സാധ്യത സ്കൂൾ ലൈബ്രറി ശാക്തീകരണം. | – 3 വർഷം |

ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തു |
|---|---|---|---|---|
| വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുള്ളവരുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരമുറപ്പിക്കൽ<br>പദ/വാക്യ കാർഡ്<br>പദ/വാക്യനിർമ്മാണം<br>ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ<br>ചിത്രവായന<br>ICT സാധ്യത ഉപയോഗിക്കൽ | 6 മാസം | അക്ഷരകാർഡ്<br>വാക്യകാർഡ്<br>കഥാചിത്രങ്ങൾ<br>സി.ഡി.<br>ചിഹ്ന ചാർട്ട്<br>പുസ്തകങ്ങൾ<br>വായനാകാർഡ്. | SRG<br>BRC<br>PTA |
| കുട്ടിയെ മികച്ച വായനക്കാരനാക്കാൻ | വായനമൂല<br>ക്ലാസ് വായന<br>പത്രവായന<br>വായനക്കുറിപ്പ്<br>പതിപ്പ്<br>വായനോത്സവം<br>വായനാക്കൂട്ട രൂപീകരണം. | 6 മാസം. | ലൈബ്രറി<br>പത്രം<br>ഗ്രന്ഥശാല<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | SRG<br>BRC<br>PTA |
| അധികവായനക്കാരനാക്കാൻ | ലൈബ്രറിവായന<br>ക്ലാസ് ലൈബ്രറി<br>ആനുകാലിക പ്രസിദ്ധീകരണ വായന | 1 വർഷം. | ലൈബ്രറി<br>പത്രം.<br>ബാലമാസിക<br>ആനുകാലികം. | PTA<br>SRG. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം. | |
|---|---|---|---|---|
| മികച്ച എഴുത്തുകാരനാക്കാൻ | വായനാപതിപ്പ്<br>ആസ്വാദനകുറിപ്പ്<br>വ്യക്തിഗതരചന<br>മാഗസിൻ<br>പത്രനിർമ്മാണം.<br>കത്ത് തയ്യാറാക്കൽ<br>നിഘണ്ടു നിർമ്മാണം | 6 മാസം | ആനുകാലികം<br>ലൈബ്രറി<br>പുസ്തകങ്ങൾ<br>പാഠപുസ്തകം<br>പത്രം.<br>റേഡിയോ | SRG<br>BRC<br>PTA. |
| സർഗാത്മക ശേഷി വർധിപ്പിക്കൽ | കഥ കേൾക്കൽ<br>കഥാരചന<br>കവിതാരചന<br>ചിത്രകഥ പറയൽ<br>വായനമൂല.<br>നാടകം.<br>വാർഷികം. | 4 മാസം | ലൈബ്രറി<br>പത്രം.<br>ICT | SRG<br>SSG. |
| അനുയോജ്യമായ ഭാഷ ഉച്ചാരണശുദ്ധി എന്നിവയോടെ ഭാഷണത്തിനുള്ള കഴിവ് നേടൽ. | സ്കൂൾ അസംബ്ലി | 3 മാസം | ICT<br>ലൈബ്രറി | SRG. |
| ഗണിതം. | | | | |
| സംഖ്യാബോധം. ഉറപ്പിക്കൽ. | സംഖ്യകളുടെ വായന<br>എഴുത്ത്.<br>പിരിച്ചെഴുത്ത്.<br>സംഖ്യാനിർമ്മാണം. | 6 മാസം. | സംഖ്യാകാർഡ്.<br>അബാക്കസ്<br>സ്ഥാനവില പോക്കറ്റ്<br>മുത്തുകൾ<br>[illegible] | SRG<br>Teacher<br>PTA. |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം. | പിന്തുണ |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | സങ്കലനപ്രവർത്തനം വ്യവകലനപ്രവർത്തനം ഗുണനം, ഹരണം പ്രവർത്തനങ്ങൾ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | 6 മാസം. | കമ്പുകെട്ട്. മുത്ത്. ഗുണനപട്ടിക ചാർട്ട്. | SSG. SRG. |
| അളവ്, സമയം എന്നിവ തിരിച്ചറിയൽ | നീളം, വീതി, ഉള്ളളവ്, ഭാരം, നീളം അളക്കൽ വിവിധ വലിപ്പമുള്ള പാത്രത്തിലെ വെള്ളം അളക്കൽ ബോക്സ്, ബാഗ്, കുട്ടികളുടെ ഭാരം അറിയൽ. | 2 മാസം | സ്കെയിൽ ടേപ്പ് അളവുപാത്രം ത്രാസ്. | SRG SSG PTA. |
| | സെക്കന്റ്, മിനിറ്റ്, മണിക്കൂർ ഇവ തമ്മിലുള്ള ബന്ധം തിരിച്ചറിയൽ. പ്രായോഗികപ്രശ്ന പരിഹാരം. | 2 മാസം | ICT ക്ലോക്ക് വാച്ച്. | Teacher SRG. |
| ഭിന്നശേഷിക്കാരായവർക്കുള്ള ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സംഖ്യാകാർഡ്. സംഖ്യാനിർമ്മാണം സംഖ്യാവായന സംഖ്യാറിബൺ | 3 മാസം. | അബാക്കസ് മുത്ത് കല്ല് സ്ട്രോ | BRC IED Teachers. |

പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | പ്രകൃതിനിരീക്ഷണം<br>പരീക്ഷണം<br>പ്രോജക്ട്<br>സർവ്വേ.<br>പ്രകൃതിയെ അറിയൽ.<br>അഭിമുഖം<br>പോസ്റ്റർ, നോട്ടീസ്<br>പ്ലക്കാർഡ്. | 1 വർഷം. | പ്രകൃതിനിരീക്ഷണം<br>ചോദ്യാവലി<br>പഠനയാത്ര. | SRG.<br>PTA.<br>SSG. |
| ശാസ്ത്രബോധം വളർത്തൽ | നിരീക്ഷണം<br>പരീക്ഷണം.<br>പട്ടികപ്പെടുത്തൽ<br>ലഘു പ്രോജക്ട് | 1 വർഷം | പരീക്ഷണശാല<br>അനുബന്ധ<br>ഉപകരണങ്ങൾ | BRC<br>SSG<br>SRG. |
| കാർഷികസംസ്കാ-രത്തെപ്പറ്റിയുള്ള അവബോധം ഉണ്ടാക്കൽ | സ്കൂൾ പച്ചക്കറി-ത്തോട്ട നിർമ്മാണം<br>കൃഷിയിടങ്ങൾ സന്ദർശിക്കൽ<br>ഫീൽഡ് ട്രിപ്പ് | 1 വർഷം | ICT | PTA<br>SRG<br>ക്ലബ്ബുകൾ |
| ശുചിത്വമികവ്, പരിസ്ഥിതിമികവ് പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോ- | ഫീൽഡ് ട്രിപ്പ്<br>സർവ്വേ<br>ലഘു പ്രോജക്ട് | 2 വർഷം | ICT<br>ചാർട്ട് | PTA<br>SSG. |

| ലക്ഷ്യം | പ്രവർത്തനം | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കുന്ന നിയമങ്ങൾ പാലിക്കൽ ഇവ നമ്മുടെ കടമയാണെന്ന് തിരിച്ചറിയുന്നു | പൊതുസ്ഥാപനങ്ങളിലേക്കുള്ള സന്ദർശനം<br>പട്ടികപ്പെടുത്തൽ<br>ബോധവൽക്കരണ ക്ലാസുകൾ<br>പഠനയാത്രകൾ<br>ഡയറി എഴുത്ത് | 3 മാസം | പത്രം<br>പോസ്റ്റർ<br>ലഘുലേഖകൾ | PTA<br>SSG<br>SRG- |
| **ഇംഗ്ലീഷ്** | | | | |
| എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കൽ | വായനാകാർഡ്, വായനാചിത്രകാർഡ്, വായനാപദകാർഡ്, വായനാവാക്യകാർഡ്, വായന, കഥാപുസ്തകവായന, കാർട്ടൂൺകഥകൾ വായന, പത്രവായന. ഇംഗ്ലീഷ് അസംബ്ലി | 1 വർഷം | ICT<br>ബാലമാസിക<br>പത്രം<br>ലൈബ്രറി പുസ്തകം | BRC<br>PTA. |
| എല്ലാവരെയും മികച്ച എഴുത്തുകാരാക്കൽ. | പദനിർമ്മാണം, വാക്യനിർമ്മാണം, പതിപ്പ് തയ്യാറാക്കൽ, മാഗസിൻ തയ്യാറാക്കൽ, പോസ്റ്റർ നിർമ്മാണം, കുറിപ്പ്, കവിതാ· പൂരണം, സംഭാഷണ- | 1 വർഷം | പത്രം.<br>ബാലമാസിക | SRG<br>SSG |

| | | | | |
|---|---|---|---|---|
| എല്ലാവർക്കും ഇംഗ്ലീഷ് സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കൽ | അനൗൺസ്മെന്റ് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ സംഘടിപ്പിക്കുന്നു<br>കഥ കേൾക്കൽ, വായന, റോൾപ്ലേ, നാടകം, ഇംഗ്ലീഷ് ഫെസ്റ്റ്, ബാലസഭ, വാർഷികം. | 3 വർഷം | ICT, കാർട്ടൂൺ. കഥാപുസ്തകങ്ങൾ ലൈബ്രറി പുസ്തകങ്ങൾ | SRG<br>SSG<br>BRC<br>PTA |

## അവലോകനം

വിദ്യാലയ വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുകയും വേണ്ടിവന്നാൽ ആവശ്യമായ തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും യഥാസമയം നടത്തേണ്ടി വരികയും വേണം. ഇതിനായി അധ്യാപകർ, പി.ടി.എ പ്രതിനിധികൾ എന്നിവരടങ്ങുന്ന കമ്മറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ ഘട്ടത്തിലും നടക്കുന്ന മോണിറ്ററിംഗിലൂടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരാനും പരിമിതികളെ അതിജീവിക്കാനും സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും സഹായകരമാകും.